പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 246

2.4.2013 ൽ
മറുപടിയ്ക്ക്

## വിലക്കയറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. ബാബു.എം.പാലിശ്ശേരി :<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. എ.പ്രദീപ്കുമാർ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചും, കമ്പോളത്തിൽ ഇടപെടുന്നതിലെ വീഴ്ചകൾ സംബന്ധിച്ചും അവലോകനം നടത്തിയിട്ടുണ്ടോ ; ഏറ്റവും ഒടുവിൽ നടത്തിയ അവലോകനം എന്നായിരുന്നു ; | എ) | സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചും കമ്പോളത്തിൽ ഇടപെടുന്നതിൽ വീഴ്ചകൾ ഉണ്ടോ എന്നത് സംബന്ധിച്ചും ദിനം പ്രതി അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| ബി) അവലോകനത്തിന്റെ ഭാഗമായുള്ള വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ; | ബി) | പെട്രോൾ/ ഡീസൽ വില വർദ്ധനവ്, അന്യ സംസ്ഥാനങ്ങളിലെ പ്രതികൂല കാലാവസ്ഥ, കയറ്റിറക്ക് കൂലിച്ചെലവ് എന്നിവ ഭക്ഷ്യധാന്യങ്ങളുടെ വിലയിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാക്കുന്നു. എന്നാൽ പൊതുവിതരണ ശൃംഖല വഴി ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിലൂടെ വിലക്കയറ്റത്തെ ഒരു പരിധി വരെ തടഞ്ഞുനിർത്താൻ കഴിയുന്നു. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിനും ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് വ്യാപകമായി റെയ്ഡുകളും പരിശോധനകളും ബോധവൽക്കരണ പ്രവർത്തനങ്ങളുമായി സദാ ജാഗരൂകമായി പ്രവർത്തിക്കുന്നു. |
| സി) നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉള്ളതിനേക്കാൾ എത്ര ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട് ; വില വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിക്കുന്ന നികുതികളിൽ ഉണ്ടാകുന്ന വർദ്ധനക്കനുസൃതമായി കമ്പോളത്തിലിടപെടാനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ? | സി) | നിത്യോപയോഗസാധനങ്ങളുടെ വിലയിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും നിലവിലുള്ള വിലയും തമ്മിലുള്ള വ്യത്യാസത്തിന്റെ ശതമാനക്കണക്ക് സംബന്ധിച്ചപട്ടിക അനുബന്ധമായി ചേർക്കുന്നു. നികുതികളിൽ ഉണ്ടാകുന്ന വർദ്ധനക്കനുസൃതമായി കമ്പോളത്തിലിടപെടാനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2011-2012 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി 50 കോടി രൂപയും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഒറ്റത്തവണ പദ്ധതി സഹായമായി 68.35 കോടി രൂപയും സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിൽ 135 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2011-2012 വർഷത്തിൽ സബ്സിഡിയിനത്തിൽ 650 കോടി രൂപ അനുവദിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷ ത്തിൽ നാളിതുവരെ 640 കോടി രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Retail Price Variation of Essential Commodities Trivandrum Center between 23-5-2011 and 22-3-2012

| COMMODITY | 23/05/2011 Rs./Kg | 22/03/2013 Rs./Kg | Percentage Variation(%) |
|---|---|---|---|
| RICE | 30 | 36 | 20 |
| WHEAT | 26 | 30 | 15 |
| GREEN GRAM DHAL | 80 | 78 | (-)2.5 |
| GREEN GRAM | 78 | 70 | (-)10 |
| BLACK GRAM SPLIT W/o husk | 76 | 60 | (-)21 |
| BLACK GRAM SPLIT with husk | 68 | 55 | (-)19 |
| RED GRAM | 46 | 70 | 52 |
| TUR DHAL | 74 | 72 | (-)2.7 |
| BENGAL GRAM BOLD | 48 | 62 | 29 |
| BENGAL GRAM SMALL | NR | NR | |
| PEAS DHALL | 26 | 37 | 42 |
| MASOOR DHALL (RED) | 52 | 42 | (-)19 |
| SUGAR | 30 | 36 | 20 |
| GROUND NUT OIL | 93 | 0 | NA |
| MUSTARD OIL | 85 | NR | NA |
| VANASPATHY | 78 | 85 | 9 |
| TEA(LOOSE) 500g | 75 | 80 | 6.25 |
| TEA(PKD) 500 g | 111 | 128 | 15 |
| CORRIANDAR | 72 | 80 | 11 |
| CHILLIES DRY | 114 | 83 | (-)27 |
| POTATO | 16 | 20 | 25 |
| ONION | 26 | 32 | 19 |
| SAVOLA | 13 | 20 | 54 |
| SALT(PKD) | 8 | 8 | NIL |
| SALT(LOOSE) | NA | NA | NA |
| GUR | 36 | 44 | 22 |
| MILK(Cow's) | 23 | 31 | 39 |
| ATTA(wheat Flour) | 26 | 29 | 11.5 |
| PALMOLEIN Per Ltr | 60 | 55 | (-)8 |
| SOYA OIL | NA | NA | NA |
| Sunflower oil per Ltr | 78 | 90 | 15 |
| Brinjal | 16 | 24 | 50 |
| Cabbage | *10.00 | 15 | 60 |
| Tomato | 16 | *16.00 | NIL |
| Source:Economics and Statistics Department | | | |